ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1014

# സൂറ – 31 / ലുഖ്മാൻ

**സൂക്തം: 31– 33**

നിങ്ങൾ നിശിതമായ വിചാരണക്ക് വിധേയമാക്കപ്പെടുന്ന ഒരു നാൾ വരാനിരിക്കുന്നു. ആ നാളിനെ അഭിമുഖീകരിക്കുന്നതിനെക്കുറിച്ച് ഭീതിയും ഉത്കണ്ഠയുമുള്ളവരായിരിക്കണം. അന്ന് സമ്പത്തും സ്ഥാനമാനങ്ങളും ആർക്കും ഒരുപകാരവും ചെയ്യില്ല. അതുകൊണ്ട് ധർമാധർമങ്ങളും ഹിതാഹിതങ്ങളും പരിഗണിക്കാതെ സമ്പത്തും സ്ഥാനമാനങ്ങളും വാരിക്കൂട്ടാൻ ശ്രമിക്കരുത്. നിങ്ങളെ ലാളിച്ചു വളർത്തി വലുതാക്കിയ പിതാക്കൾക്കുപോലും അന്ത്യനാളിൽ നിങ്ങൾക്കുവേണ്ടി ഒന്നും ചെയ്തുതരാനാവില്ല.

أَلَمْ تَرَ أَنَّ الْفُلْكَ تَجْرِي فِي الْبَحْرِ بِنِعْمَتِ اللَّهِ لِيُرِيَكُم مِّنْ آيَاتِهِ ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّكُلِّ صَبَّارٍ شَكُورٍ ﴿٣١﴾

31. നീ കണ്ടില്ലയോ, കപ്പലുകൾ ദൈവാനുഗ്രഹങ്ങൾ വഹിച്ച് സമുദ്രത്തിൽ സഞ്ചരിക്കുന്നത്? അവന്റെ ദൃഷ്ടാന്തങ്ങളിൽ ചിലത് നിങ്ങളെ കാണിക്കാൻ കൂടിയാണത്. ഏറ്റവും ക്ഷമയും നന്ദിയുമുള്ള എല്ലാവർക്കും അതിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്.

وَإِذَا غَشِيَهُم مَّوْجٌ كَالظُّلَلِ دَعَوُا اللَّهَ مُخْلِصِينَ لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ فَمِنْهُم مُّقْتَصِدٌ ۚ وَمَا يَجْحَدُ بِآيَاتِنَا إِلَّا كُلُّ خَتَّارٍ كَفُورٍ ﴿٣٢﴾

32. സമുദ്രസഞ്ചാരികളെ മലകൾപോലുള്ള തിരമാലകൾ വന്ന് മൂടുമ്പോൾ അവർ ദീൻ പൂർണമായി അല്ലാഹുവിൽ മാത്രം അർപ്പിച്ചുകൊണ്ട് പ്രാർഥിക്കുകയായി. നാം അവരെ രക്ഷിച്ചു കരയിലെത്തിച്ചാലോ അവരിൽ ചിലർ മിതത്വം പാലിക്കുന്നവരാകുന്നു. എല്ലാ നന്ദികെട്ടവരുമല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല.

**31,32**

أَلَمْ تَرَ = നീ കണ്ടില്ലയോ أَنَّ الْفُلْكَ تَجْرِي = കപ്പലുകൾ ഒഴുകുന്നു (സഞ്ചരിക്കുന്നത്)

فِي الْبَحْرِ = സമുദ്രത്തിൽ بِنِعْمَتِ اللَّهِ = അല്ലാഹുവിന്റെ അനുഗ്രഹം(വഹിച്ചു) കൊണ്ട്

لِيُرِيَكُم مِّنْ آيَاتِهِ = അവന്റെ ദൃഷ്ടാന്തങ്ങളിൽ ചിലത് നിങ്ങളെ കാണിക്കാൻ (കൂടിയാണത്)

إِنَّ فِي ذَٰلِكَ لَآيَاتٍ = തീർച്ചയായും അതിൽ (ധാരാളം) ദൃഷ്ടാന്തങ്ങളുണ്ട്

لِّكُلِّ صَبَّارٍ شَكُورٍ = ഏറ്റവും ക്ഷമയും നന്ദിയുമുള്ള എല്ലാവർക്കും

وَإِذَا غَشِيَهُم = അവരെ (സമുദ്രസഞ്ചാരികളെ വന്ന്) മൂടിയാൽ

مَّوْجٌ كَالظُّلَلِ = മലകൾ പോലുള്ള തിരമാലകൾ دَعَوُا اللَّهَ = അവർ അല്ലാഹുവിനോട് പ്രാർഥിക്കുകയായി

مُخْلِصِينَ لَهُ الدِّينَ = ദീൻ (വിധേയത്വം) അല്ലാഹുവിനു മാത്രമാക്കിയവരായി (മാത്രം അർപ്പിച്ചുകൊണ്ട്)

فَلَمَّا نَجَّاهُمْ إِلَى الْبَرِّ = അവരെ കരയിലേക്കു രക്ഷിച്ചാൽ (രക്ഷിച്ചു കരയിലെത്തിച്ചാലോ)

فَمِنْهُم = അപ്പോൾ അവരിൽ ചിലർ مُّقْتَصِدٌ = നീതിമാന്മാരാകുന്നു, മിതത്വം പാലിക്കുന്നു

وَمَا يَجْحَدُ بِآيَاتِنَا = നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല

إِلَّا كُلُّ خَتَّارٍ = എല്ലാ കൊടും ചതിയനുമല്ലാതെ كَفُورٍ = (എല്ലാ) കൊടിയ നന്ദികെട്ടവനായ (വനുമല്ലാതെ)

അന്തരീക്ഷത്തിൽ കാണപ്പെടുന്ന ദൃഷ്ടാന്തങ്ങൾ അനുസ്മരിച്ചശേഷം മനുഷ്യന്റെ കാലിനടിയിലെ ഒരു ദൃഷ്ടാന്തത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. അല്ലയോ മനുഷ്യാ, ദൈവാനുഗ്രഹങ്ങൾ പരസ്പരം കൈമാറുന്നതിനുവേണ്ടി സാഗരങ്ങളിൽ സഞ്ചരിക്കുന്ന കപ്പലുകളെക്കുറിച്ച്ആലോചിച്ചു നോക്കിയിട്ടില്ലേ? കപ്പൽ ഗതാഗതത്തിന്റെ ഈ പ്രകൃതി ചില ദൈവിക ദൃഷ്ടാന്തങ്ങൾ നിങ്ങളെ കാണിക്കാൻ കൂടിയുള്ളതാണ്. അല്ലാഹുവിനോട് നന്ദിയുള്ള സഹനശീലരായ ദൈവദാസന്മാർക്ക് അതിൽ ധാരാളം ദൃഷ്ടാന്തങ്ങൾ കാണാൻ കഴിയും. അവർക്കേ കഴിയൂ. ഞാനിതാ ഒരു ദൈവിക ദൃഷ്ടാന്തമാകുന്നു എന്നു വിളിച്ചുപറഞ്ഞുകൊണ്ട് ഒരു ദൃഷ്ടാന്തവും ആരുടെയും മുന്നിൽ വരുന്നില്ല. അനുഗ്രഹത്തിന്റെ വിലയറിയാൻ അനുഗ്രഹദാതാവിനോട് നന്ദിയുണ്ടായിരിക്കണം. അനുഗ്രഹങ്ങളിൽ തെളിയുന്ന ദൃഷ്ടാന്തങ്ങൾ കണ്ടെത്താൻ വേണ്ട ക്ഷമയും പ്രയത്നവും വേണം. ക്ഷിപ്രസാദികൾക്കും ക്ഷിപ്രകോപികൾക്കും അതു സാധിക്കുകയില്ല. അദൃശ്യമായതെന്തും കണ്ടുപിടിക്കാൻ ഏറെ അന്വേഷണവും ഗവേഷണവും വേണ്ടിവരും. ഏതു വിഷയത്തിലും പുതിയ പുതിയ അറിവുകൾ ആർജിക്കുന്നത് ക്ഷമാപൂർണമായ അന്വേഷണങ്ങളിലൂടെയും ഗവേഷണങ്ങളിലൂടെയുമാണ്. നന്ദിയും ക്ഷമയും ചേർന്നതാണ് ഈമാൻ. അനസ് (റ) നിവേദനം ചെയ്തതായി ബൈഹഖി ഉദ്ധരിക്കുന്നു: الْإِيمَان نِصْفَان فنصْف فِي الصَّبْر وَنِصْف فِي الشّكْر - 'ഈമാൻ രണ്ടു പകുതിയാണ്. ഒരു പകുതി ക്ഷമയിലും മറ്റേ പകുതി ശുക്റിലുമാകുന്നു.' ക്ഷമയും ശുക്റും ഏറെ ആവശ്യമുള്ള പ്രവർത്തനമാണ് നാവിക സഞ്ചാരം. ഈ രണ്ടു ഗുണങ്ങളും ഒരുമിച്ചു സ്വാംശീകരിച്ചവർക്ക് കപ്പൽ സഞ്ചാരത്തിലൂടെ അനേകം ദൈവിക ദൃഷ്ടാന്തങ്ങൾ മനസ്സിലാക്കാനാകും. صَبَّار സ്വാബിറിന്റെയും شُكور ശാകിറിന്റെയും അത്യുത്തമ വാചിയാകുന്നു.

ഒരുതരി മണ്ണിട്ടാൽ താഴ്ന്നു പോകുന്ന അതേ സമുദ്രത്തിലാണ് മലപോലെ വലിയ കപ്പലുകൾ നിറയെ ചരക്കുമായി തിരമാലകൾ കീറിമുറിച്ച് തലങ്ങും വിലങ്ങും സഞ്ചരിക്കുന്നത്. കപ്പൽ സഞ്ചാരത്തിനു പര്യാപ്തമായ സമുദ്ര പ്രകൃതി. കപ്പൽ നിർമിക്കാനും അതിനെ ചലിപ്പിക്കാൻ ആദ്യം കാറ്റും പിന്നെ ആവിയും അതിനുശേഷം പെട്രോളും ആണവോർജവുമൊക്കെ ഉപയോഗിക്കാനുമുള്ള പ്രചോദനം. ഇപ്പോൾ വെള്ളത്തിൽ മുങ്ങി സഞ്ചരിക്കുന്ന കപ്പലുകളും നിർമിക്കപ്പെട്ടുവരുന്നു. ക്ഷമയോടെ, അല്ലാഹുവിനോടുള്ള നന്ദിയോടെ നിരീക്ഷിക്കുന്നവർക്ക് ഇതിലൊക്കെ അല്ലാഹുവിന്റെ അടയാളങ്ങൾ കാണാം. ഈ ഗുണങ്ങളില്ലാത്തവർ അതൊന്നും ആലോചിക്കുന്നില്ല, ഒന്നും കാണുന്നുമില്ല. അവർ കപ്പൽ അപകടത്തിൽ പെടുമ്പോൾ മാത്രം അല്ലാഹുവിനെ ഓർക്കുന്നു.

സമുദ്രം പ്രക്ഷുബ്ധമാവുകയും വൻതിരമാലകൾ ആർത്തലച്ച് മല പോലെ പൊങ്ങിവന്ന് കപ്പലിനെ മൂടിക്കളയുകയും ചെയ്യുമ്പോൾ അവർ അല്ലാഹുവിനെ വിളിക്കുകയായി. കൂറും വിധേയത്വവും അല്ലാഹുവിനുമാത്രം അർപ്പിച്ചുകൊണ്ട് അവനോട് ശരണം യാചിക്കുന്നു. ആ യാചന കേട്ട് അല്ലാഹു രക്ഷയരുളിയാലോ, അവനോട് പ്രാർഥിച്ചതും അവൻ രക്ഷിച്ചതുമെല്ലാം അവരിൽ പലരും തീരെ വിസ്മരിക്കുന്നു. ظِلّ (നിഴൽ, ഛായ)ൽനിന്നുള്ള ظُلَّة -ന്റെ ബഹുവചനമാണ് ظُلَل . തമ്പ്, കൂടാരം, വെയിൽ മറയ്ക്കുന്ന കാർമേഘം, മലകൾ തുടങ്ങിയവയെ കുറിക്കുന്ന പദമാണിത്. مِظَلَّة കുടയാണ്. قَصْد -ൽനിന്നുത്ഭവിച്ചതാണ് مُقْتَصِد. ഇതിന്റെ അർഥം ഈ സൂറയുടെ 19-ാം സൂക്തത്തിനു താഴെ വ്യക്തമാക്കിയിരിക്കുന്നു. ഇവിടെ مقتصد കൊണ്ടുദ്ദേശ്യം സത്യവും സന്മാർഗവും സ്വീകരിച്ചവർ എന്നാവാം. സത്യവിശ്വാസികൾക്കും നിഷേധികൾക്കും മധ്യേ ഒരു നിലപാട് കൈക്കൊണ്ടവർ എന്നുമാവാം. രണ്ടാമത്തേതാണാദൃശ്യമെങ്കിൽ അവർ മൂന്നുവിഭാഗമായി പിരിഞ്ഞിരിക്കും. 1) സത്യനിഷേധികൾ 2) നിഷേധികൾക്കും വിശ്വാസികൾക്കും മധ്യേ നിലകൊള്ളുന്നവർ. 3) സത്യവിശ്വാസികൾ. സൂറ *ആൽഫാതിർ* 32-ാം സൂക്തം ഇങ്ങനെ പറയുന്നുണ്ട്: وَمِنْهُمْ ظَالِمٌ لِّنَفْسِهِ وَمِنْهُم مُّقْتَصِدٌ وَمِنْهُمْ سَابِقٌ بِالْخَيْرَاتِ 'അവരിൽ തന്നോടുതന്നെ അക്രമം ചെയ്യുന്നവരുണ്ട്. മധ്യ നില കൈക്കൊള്ളുന്നവരുണ്ട്. നന്മകളിലേക്ക് മുന്നേറുന്നവരുമുണ്ട്.'

خَاتِر (ചതിയൻ)-ന്റെ അത്യുക്തിയാണ് خَتَّار -കൊടും ചതിയൻ. كَافِر-ന്റെ അത്യുക്തിയാണ് كَفُور. മുൻസൂക്തം പരാമർശിച്ച صَبَّار، شَكُور-ന്റെ നേർവിപരീതമാണിത്. ختار കൊണ്ട് ഇവിടെ സൂചിപ്പിക്കുന്നത് പ്രയാസങ്ങളും പ്രതിസന്ധികളുമുണ്ടാകുമ്പോൾ അത്യന്തം വണക്കത്തോടും താഴ്മയോടും കൂടി അല്ലാഹുവിന്റെ നിഷ്കളങ്ക ഭക്തനും വിനീത ദാസനുമായി ജീവിക്കുമെന്ന് ആവർത്തിച്ച് പ്രതിജ്ഞയെടുക്കുകയും പ്രതിസന്ധി നീങ്ങുമ്പോൾ അതെല്ലാം അവഗണിച്ച് സത്യനിഷേധത്തിലേക്കും ധർമധിക്കാരത്തിലേക്കും മടങ്ങുകയും ചെയ്യുന്ന ആളുകളാണ്. കപ്പൽ സഞ്ചാരത്തിനിടെ അപകടമുണ്ടാകുന്നതു സംബന്ധിച്ച് നേരത്തേ പലയിടത്തും പറഞ്ഞിട്ടുണ്ട്. ഉദാ: 17:66-67 ●

---

يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمْ وَاخْشَوْا يَوْمًا لَّا يَجْزِي وَالِدٌ عَن وَلَدِهِ وَلَا مَوْلُودٌ هُوَ جَازٍ عَن وَالِدِهِ شَيْئًا ۚ إِنَّ وَعْدَ اللَّهِ حَقٌّ ۖ فَلَا تَغُرَّنَّكُمُ الْحَيَاةُ الدُّنْيَا وَلَا يَغُرَّنَّكُم بِاللَّهِ الْغَرُورُ ﴿٣٣﴾

33. അല്ലയോ മനുഷ്യരേ, നിങ്ങളുടെ വിധാതാവിനോട് ഭയഭക്തിയുള്ളവരായി വാഴുവിൻ. പിതാവ് തന്റെ പുത്രന് ഒരുപകാരവും ചെയ്യാത്ത, പുത്രന് തന്റെ പിതാവിനുവേണ്ടി ഒന്നും ചെയ്യാനാവാത്ത ആ ദിനത്തെ പേടിക്കുവിൻ. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. അതിനാൽ ഐഹിക ജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. അല്ലാഹുവിന്റെ കാര്യത്തിൽ ആ കൊടും ചതിയൻ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ.

**33**

يَا أَيُّهَا النَّاسُ= അല്ലയോ മനുഷ്യരേ اتَّقُوا رَبَّكُمْ = നിങ്ങളുടെ വിധാതാവിനോട് ഭയഭക്തിയുള്ളവരായി വാഴുവിൻ

وَاخْشَوْا = നിങ്ങൾ പേടിക്കുവിൻ يَوْمًا = ആ ദിനത്തെ

لَّا يَجْزِي وَالِدٌ عَن وَلَدِهِ = പിതാവ് തന്റെ പുത്രന് മതിയാവാത്ത (യാതൊരുപകാരവും ചെയ്യാത്ത)
وَلَا مَوْلُودٌ هُوَ جَازٍ عَن وَالِدِهِ شَيْئًا = ഒരു പുത്രനും തന്റെ പിതാവിന് മതിയാകുന്നവനാവാത്ത
(പിതാവിനു വേണ്ടി ചെയ്യാനാവാത്ത)
إِنَّ وَعْدَ اللَّهِ حَقٌّ = തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു
فَلَا تَغُرَّنَّكُمُ = നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ, വ്യാമോഹിപ്പിക്കാതിരിക്കട്ടെ الْحَيَاةُ الدُّنْيَا = ഐഹിക ജീവിതം
وَلَا يَغُرَّنَّكُم بِاللَّهِ = അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ, വ്യാമോഹിപ്പിക്കാതിരിക്കട്ടെ
الْغَرُورُ = കൊടും ചതിയൻ

تقوى -യിൽനിന്നുള്ള ശാസനക്രിയാ ബഹുവചനമാണ് اتقوا . തഖ്‌വയുടെ ആശയങ്ങൾ നേരത്തേ വിശദീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഇവിടെ اتَّقُوا رَبَّكُمْ എന്ന വാക്യത്തിലെ തഖ്‌വയിൽ പദത്തിന്റെ എല്ലാ അർഥങ്ങളും ഉദ്ദേശിച്ചിരിക്കുന്നു. അതായത്, വിധാതാവിനോട് ഭക്തിയുള്ളവരും അവന്റെ വിധിവിലക്കുകൾ സൂക്ഷ്മതയോടെ പാലിക്കുന്നവരും അവന്റെ അപ്രീതിക്കിരയാകാതിരിക്കാൻ ജാഗ്രതയുള്ളവരുമായിരിക്കുവിൻ. ഉത്കണ്ഠയും ഭീതിയുമാണ് خشية. അതിന്റെ ശാസനക്രിയാ ബഹുവചനമാണ് اخْشَوْا. അന്ത്യനാളിൽ നിശിതമായി വിചാരണ ചെയ്യപ്പെടുമെന്ന ഉത്കണ്ഠയോടെ വർത്തിക്കുക എന്നാണ് اخْشَوْا يَوْمًا എന്നതിന്റെ താൽപര്യം. മതിയാവുക, പകരമാവുക, പരിഹാരമാവുക, പ്രതിരോധമാവുക എന്നെല്ലാം അർഥമുള്ള جزى -യുടെ വർത്തമാന ക്രിയാരൂപമാണ് يجزى. അതിന്റെ കർതൃപദമാണ് جاز. മറ്റൊന്നിനു പകരമായി, അതിന്റെ തെറ്റിനു പരിഹാരമായി, അതിന്റെ വിടവ് നികത്താൻ മതിയായി തുടങ്ങിയ അർഥങ്ങളിൽ جزى عنه എന്നുപയോഗിക്കുന്നു. ജനിപ്പിക്കുന്നവൻ (പിതാവ്) والد -ഉം ജനിപ്പിക്കപ്പെടുന്നത് (സന്തതി) مولود -ഉം ആകുന്നു. കബളിപ്പിക്കുന്നതിനും വ്യാമോഹിപ്പിക്കുന്നതിനും പ്രലോഭിപ്പിച്ചു പാട്ടിലാക്കുന്നതിനും غُرور എന്നു പറയും. ഇത് غَرور ആകുമ്പോൾ ചതിക്കുന്നവനും വ്യാമോഹിപ്പിക്കുന്നവനുമാകുന്നു. غَرّ- يغرّ -ൽനിന്നുള്ള ക്രിയയാണ് غَرور.

സൂറ സമാപിക്കുമ്പോൾ ഇതുവരെ പറഞ്ഞതിന്റെ സാരസംഗ്രഹം വീണ്ടും ഉദ്ബോധിപ്പിക്കുകയാണ്. അല്ലയോ മനുഷ്യരേ എന്ന് മുഴുവൻ മനുഷ്യ വർഗത്തെയും കാരുണ്യപൂർവം സംബോധന ചെയ്തുകൊണ്ടാണീ ഉദ്ബോധനം; നിങ്ങൾ നിങ്ങളുടെ വിധാതാവിനോട് ഭയഭക്തിയുള്ളവരായി വർത്തിക്കണം. അവന്റെ വിധിവിലക്കുകൾ സൂക്ഷ്മതയോടെ പാലിക്കുകയും അവന്റെ കോപത്തിനിടയാകുന്ന കാര്യങ്ങൾ ജാഗ്രതയോടെ വർജിക്കുകയും ചെയ്യണം. നിങ്ങൾ നിശിതമായ വിചാരണക്ക് വിധേയമാക്കപ്പെടുന്ന ഒരു നാൾ വരാനിരിക്കുന്നു. ആ നാളിനെ അഭിമുഖീകരിക്കുന്നതിനെക്കുറിച്ച് ഭീതിയും ഉത്കണ്ഠയുമുള്ളവരായിരിക്കണം. അന്ന് സമ്പത്തും സ്ഥാനമാനങ്ങളും ആർക്കും ഒരുപകാരവും ചെയ്യില്ല. അതുകൊണ്ട് ധർമാധർമങ്ങളും ഹിതാഹിതങ്ങളും പരിഗണിക്കാതെ സമ്പത്തും സ്ഥാനമാനങ്ങളും വാരിക്കൂട്ടാൻ ശ്രമിക്കരുത്. നിങ്ങളെ ലാളിച്ചു വളർത്തി വലുതാക്കിയ പിതാക്കൾക്കുപോലും അന്ത്യനാളിൽ നിങ്ങൾക്കുവേണ്ടി ഒന്നും ചെയ്തുതരാനാവില്ല. അതുപോലെ നിങ്ങൾ ലാളിച്ചു വളർത്തി വലുതാക്കുന്ന മക്കൾ നിങ്ങൾക്കുവേണ്ടിയും ഒന്നും ചെയ്തുതരില്ല. ഓരോ വ്യക്തിയും തന്റെ കർമത്തിന്റെ നന്മതിന്മകൾ കൊണ്ട് മാത്രം വിധിക്കപ്പെടുന്ന നാളാണത്. ആരും മറ്റൊരാളുടെ -അയാൾ എത്ര ഉറ്റവനും ഉടയവനുമായാലും- കർമഭാരം ഏറ്റെടുക്കുകയില്ല. وَلَا مَوْلُودٌ هُوَ جَازٍ عَن وَالِدِهِ എന്നു പറഞ്ഞാൽ തന്നെ ആശയം വ്യക്തമാകുന്നതാണ്. مَوْلُودٌ -നു ശേഷം هُو എന്ന് ആഖ്യ ആവർത്തിച്ചത് ആശയത്തിന് കൂടുതൽ ശക്തിയും പുഷ്ടിയും പകരുന്നു. മനുഷ്യസ്വഭാവം പരിഗണിക്കുമ്പോൾ ഈ ഊന്നൽ പ്രസക്തമാകുന്നു. കുടുംബ ജീവിതം നയിക്കുന്ന മനുഷ്യർ ഭാവിയിൽ കൂടുതൽ താങ്ങും തണലും പ്രതീക്ഷിക്കുക പിതാക്കളിൽനിന്നല്ല, സ്വന്തം മക്കളിൽനിന്നാണ്. പിതാവിന് മക്കളോടുള്ളതിലേറെ കടപ്പാടുള്ളത് മക്കൾക്ക് പിതാവിനോടാണല്ലോ. പക്ഷേ, അത്തരം വികാരങ്ങൾക്കൊന്നും വിചാരണാ ദിവസം ഒരു സ്വാധീനവുമുണ്ടാവില്ല. وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ -'സ്വന്തം ഭാരം വഹിക്കുന്നവരാരും മറ്റൊരുവന്റെ ഭാരം വഹിക്കുന്നതല്ല' (17:15) لِكُلِّ امْرِئٍ مِّنْهُمْ يَوْمَئِذٍ شَأْنٌ يُغْنِيهِ -'ഓരോ മനുഷ്യനും തൻ കാര്യം തന്നെ മതിയാവോളമുണ്ടാകും.' ഈ സൂക്തം അവതരിച്ചത് ഇസ്‌ലാം സ്വീകരിക്കാനാഗ്രഹിക്കുന്ന യുവാക്കളെ അതിൽനിന്ന് തടയാൻ രക്ഷിതാക്കൾ പലവിധ സമ്മർദങ്ങൾ ചെലുത്തിക്കൊണ്ടിരുന്ന കാലത്തായിരുന്നുവെന്നത് അനുസ്മരണീയമാകുന്നു. ഇസ്‌ലാമിനെ നിഷേധിക്കുന്നതുകൊണ്ട് നിങ്ങൾ പാപികളാകുമെങ്കിൽ ആ പാപം ഞങ്ങൾ ഏറ്റെടുത്തുകൊള്ളാം എന്നുവരെ അവർ പറഞ്ഞിരുന്നു:

وَقَالَ الَّذِينَ كَفَرُوا لِلَّذِينَ آمَنُوا اتَّبِعُوا سَبِيلَنَا وَلْنَحْمِلْ خَطَايَاكُمْ وَمَا هُم بِحَامِلِينَ مِنْ خَطَايَاهُم مِّن شَيْءٍ ۖ إِنَّهُمْ لَكَاذِبُونَ ﴿١٢﴾

'സത്യസരണിയെ നിഷേധിച്ചവർ വിശ്വസിച്ചവരോട് പറയുന്നു: ഞങ്ങളുടെ മാർഗം പിൻപറ്റുവിൻ, നിങ്ങളുടെ പാപങ്ങൾ ഞങ്ങൾ ഏറ്റെടുത്തുകൊള്ളാം. എന്നാൽ ഇക്കൂട്ടർ അവരുടെ പാപങ്ങളിൽനിന്ന് ഒന്നും തന്നെ ഏറ്റെടുക്കുന്നവരല്ല. തികഞ്ഞ കള്ളമാണിവർ പറയുന്നത്' (29:12).

إِنَّ وَعْدَ اللَّهِ حَقٌّ എന്നതിലെ وَعْدَ ഇവിടെ വാഗ്ദാനത്തെയും താക്കീതിനെയും ഉൾക്കൊള്ളുന്നുണ്ട്. ഉയിർത്തെഴുന്നേൽപും രക്ഷാശിക്ഷയുമാണ് وَعْد. ധർമമാർഗത്തിൽ ചരിക്കുകയും അതിന്റെ പേരിൽ മർദനം സഹിക്കുകയും ത്യാഗങ്ങളനുഷ്ഠിക്കുകയും ചെയ്തവർക്കുള്ള സുന്ദരവാഗ്ദാനമാണത്. സത്യധർമങ്ങൾ നിഷേധിക്കുകയും പാപപങ്കിലമായ ജീവിതം നയിക്കുകയും ചെയ്തിട്ടുള്ളവർക്ക് കടുത്ത താക്കീതും ഭീഷണിയും. ഇവിടെ حَقٌّ - 'സത്യമാകുന്നു' എന്ന വാക്കിന് ഇങ്ങനെയൊരു ദിനം വരാനിരിക്കുന്നു എന്ന അല്ലാഹുവിന്റെ വാക്ക് സത്യമാകുന്നു എന്നതിനപ്പുറം അങ്ങനെ ഒരു ദിനം സംഭവിക്കുക സത്യത്തിന്റെയും നീതിയുടെയും

താൽപര്യമാകുന്നു, സത്യവും നീതിയും അനിവാര്യമായും പുലരുന്നതാണ്, പുലരാത്തതൊന്നും അല്ലാഹു വാഗ്ദത്തം ചെയ്യുകയില്ലെന്നുകൂടി അർഥമുണ്ട്.

ഈ അനിഷേധ്യ യാഥാർഥ്യത്തിന്റെ കാര്യത്തിൽ ഭൗതിക ജീവിതം നിങ്ങളെ വ്യാമോഹിപ്പിച്ച് വഞ്ചിക്കാതിരിക്കട്ടെ. വ്യാമോഹം രണ്ടു തരത്തിലുണ്ട്: 1) ഈ ഭൗതിക ജീവിതം മാത്രമേ മനുഷ്യർക്കുള്ളൂ. അതവനസാനിക്കുന്നതോടെ എല്ലാം അവസാനിച്ചു. പിന്നീടൊരു ഉയിർത്തെഴുന്നേൽപോ വിചാരണയോ രക്ഷാശിക്ഷകളോ ഒന്നുമില്ല. അതൊക്കെ ചിലരുടെ ഭാവന മാത്രമാകുന്നു. സത്യമാണെങ്കിൽ മരിച്ചുപോയ പൂർവികരാരും എഴുന്നേറ്റുവരാത്തതെന്തേ? പൂർവികർ പരമ്പരാഗതമായി ആരാധിച്ചുവന്ന മൂർത്തികളും അങ്ങനെയൊരു ഉയിർത്തെഴുന്നേൽപ് പ്രവചിച്ചിട്ടില്ല. അതുകൊണ്ട് പരലോകത്തിൽ വിശ്വസിക്കുകയും ആ വിശ്വാസം നിർദേശിക്കുന്ന നിയമനിബന്ധനകളിൽ ജീവിതത്തെ സ്വയം കെട്ടിയിടുകയും ചെയ്യുന്നത് മൗഢ്യമാകുന്നു. കിട്ടിയ ജീവിതം എങ്ങനെയും ആവോളം ആസ്വദിക്കുകയാണ് ബുദ്ധി. 2) ഉയിർത്തെഴുന്നേൽപും വിചാരണയും സംഭവിക്കുമെങ്കിൽതന്നെ അത് ഇന്നോ നാളെയോ സംഭവിക്കാനുള്ളതല്ല, സുദീർഘമായ യുഗങ്ങൾ പിന്നിട്ട് മനുഷ്യവംശം അവസാനിച്ച ശേഷമേ അതുണ്ടാകൂ. ഈ ജീവിതത്തിൽ ലഭിച്ചതൊക്കെ തന്നെയായിരിക്കും ആ ജീവിതത്തിലും തങ്ങൾക്കു ലഭിക്കുക. വിചാരണയിൽ കുറ്റവാളികളെന്ന് തെളിഞ്ഞാലും തങ്ങളാരാധിക്കുന്ന ദൈവങ്ങൾ പരമേശ്വരനോട് ശിപാർശ ചെയ്ത് തങ്ങളെ ശിക്ഷാ നടപടികളിൽനിന്നൊക്കെ മോചിപ്പിച്ചുകൊള്ളും. ഈ രണ്ടു വ്യാമോഹങ്ങളുടെയും ആധാരം സത്യസന്ധമായ യുക്തിവിചാരമോ ആധ്യാത്മിക ജ്ഞാനമോ അല്ല. ഭൗതിക ജീവിതത്തിന്റെ പകിട്ടുകളിൽ ആസക്തരായവർ അതിനനുഗുണമായ വ്യാമോഹങ്ങൾ പടുത്തുയർത്തി സ്വയം വഞ്ചിതരാവുകയാണ്. فَلَا تَغُرَّنَّكُمُ الْحَيَاةُ الدُّنْيَا എന്ന വാക്യം ഐഹിക ജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ എന്നും വ്യാമോഹിപ്പിക്കാതിരിക്കട്ടെ എന്നും തർജമ ചെയ്യാം. രണ്ടും ചേർന്ന ആശയമാണ് ഇവിടെ ഉദ്ദേശ്യം.

'ആ കൊടുംചതിയൻ അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ' എന്നാണ് തുടർന്ന് പറയുന്നത്. ഇതും ഭൗതിക ജീവിതത്തിന്റെ വഞ്ചനയുടെ വിശദീകരണമാവാം. അതായത് ഭൗതിക ജീവിതത്തിന്റെ പകിട്ടിൽ മയങ്ങി പരലോക വിഷയത്തിൽ വഞ്ചിതരാവുക എന്നാൽ അല്ലാഹുവിനെ മനസ്സിലാക്കുന്നതിൽ തന്നെ വഞ്ചിതരാവുകയാണ്, അങ്ങനെ സംഭവിക്കാതിരിക്കട്ടെ. ഈ അർഥകൽപന പ്രകാരം الْغَرُورُ കുറിക്കുന്നത് ഭൗതിക ജീവിതത്തെ തന്നെയാകുന്നു. മനഃപൂർവം മഹാപാപങ്ങളനുവർത്തിച്ചുകൊണ്ട് അല്ലാഹുവിന്റെ കാരുണ്യം വ്യാമോഹിക്കുക എന്നും غُرُورُ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. സഈദു ബ്നു ജുബൈർ പ്രസ്താവിച്ചു: 'അല്ലാഹുവിന്റെ കാര്യത്തിൽ വഞ്ചിതനാവുക – الغرة بالله– എന്നാൽ പാപവൃത്തികൾ ശാഠ്യബുദ്ധിയോടെ തുടരുകയും അല്ലാഹുവിന്റെ മാപ്പ് മോഹിക്കുകയുമാകുന്നു.' ഖുർആൻ പറഞ്ഞു:

لَّيْسَ بِأَمَانِيِّكُمْ وَلَا أَمَانِيِّ أَهْلِ الْكِتَابِ ۗ مَن يَعْمَلْ سُوءًا يُجْزَ بِهِ وَلَا يَجِدْ لَهُ مِن دُونِ اللَّهِ وَلِيًّا وَلَا نَصِيرًا ﴿١٢٣﴾

'കാര്യം നിങ്ങളുടെ വ്യാമോഹമനുസരിച്ചല്ല. വേദക്കാരുടെ വ്യാമോഹമനുസരിച്ചുമല്ല. പാപം ചെയ്യുന്നവന് അതിന്റെ ഫലം ലഭിക്കുന്നു എന്നതത്രെ കാര്യം. അവന് അല്ലാഹുവിനെ തിരെ യാതൊരു രക്ഷകനെയും സഹായിയെയും കണ്ടെത്താനാവില്ല' (4:123). غَرُورُ കുറിക്കുന്നത് ചെകുത്താനെയാകുന്നു എന്നാണ് ഏറെ പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുള്ളത്. 4:120-ൽ ഇപ്രകാരം പറയുന്നുണ്ട്:

يَعِدُهُمْ وَيُمَنِّيهِمْ ۖ وَمَا يَعِدُهُمُ الشَّيْطَانُ إِلَّا غُرُورًا ﴿١٢٠﴾

'അവൻ മർത്യർക്ക് വാഗ്ദാനങ്ങൾ നൽകുന്നു. അവരെ വ്യാമോഹിപ്പിക്കുന്നു. ചെകുത്താന്റെ വാഗ്ദാനങ്ങളോ വഞ്ചനയല്ലാതൊന്നുമല്ല.' അല്ലാഹുവിനെക്കുറിച്ച് ഉണ്ടായിക്കൂടാ എന്ന താക്കീതു ചെയ്യുന്ന വ്യാമോഹം അല്ലെങ്കിൽ വഞ്ചനാത്മകമായ തെറ്റിദ്ധാരണ ഇതാണ്: ഒരു കുട്ടി പമ്പരമുണ്ടാക്കി കറക്കിവിട്ട് മറ്റേതോ കളികളിലേക്ക് തിരിഞ്ഞതുപോലെ അല്ലാഹു ഈ ലോകത്തെ സൃഷ്ടിച്ച് കറക്കിവിട്ട് എങ്ങോ പോയി മറഞ്ഞിരിക്കുന്നു. കുട്ടി കറക്കിവിട്ട പമ്പരം കുറേ കറങ്ങിയ ശേഷം നിശ്ചലമാകുന്നതുപോലെ ഈ ലോകവും ഒരിക്കൽ നിശ്ചലമാകും. അതോടെ എല്ലാം നശിക്കും. ഒരുപക്ഷേ അവൻ ഈ പ്രപഞ്ചമാകുന്ന പമ്പരം വീണ്ടും കറക്കിവിട്ടുവെന്നുവരാം. തുടർന്ന് ഈ മനുഷ്യവംശവും ആവർത്തിച്ചേക്കാം. ദൈവം മർത്യന്റെ കർമങ്ങൾ നിരീക്ഷിക്കുകയോ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. അതുകൊണ്ട് വിചാരണയുടെയും രക്ഷാശിക്ഷയുടെയും പ്രശ്നവുമില്ല. ചെകുത്താൻ വളർത്തുന്ന ഈവിധ വ്യാമോഹങ്ങളും അതിന്മേൽ കെട്ടിപ്പടുക്കുന്ന ദർശനങ്ങളും അല്ലാഹുവിന്റെ സർവജ്ഞതയെയും സർവശക്തിയെയും യുക്തിദീക്ഷയെയും നീതിനിഷ്ഠയെയുമെല്ലാം നിഷേധിക്കുന്നു. അവനെ ഒരു കളിക്കുട്ടിയായും പ്രപഞ്ച സൃഷ്ടിയെ കുട്ടിക്കളിയായും നിരർഥകമാക്കി ഇകഴ്ത്തുകയും ചെയ്യുന്നു. ദീനിന്റെ തത്ത്വശാസ്ത്രം പരിഗണിക്കുമ്പോൾ അടിസ്ഥാനരഹിതമായ ഈ തെറ്റിദ്ധാരണ തന്നെയാണ് മനുഷ്യന്റെ സകല മാർഗഭ്രംശത്തിന്റെയും അടിവേര്. അതിനാൽ ഉയിർത്തെഴുന്നേൽപുനാളിൽ يَا أَيُّهَا الْإِنسَانُ مَا غَرَّكَ بِرَبِّكَ الْكَرِيمِ ﴿٦﴾ 'അല്ലയോ മനുഷ്യാ, നിന്റെ അത്യുദാരനായ നാഥന്റെ കാര്യത്തിൽ നിന്നെ വഞ്ചിതനാക്കിയതെന്ത്?' (82:6) എന്നു ചോദിക്കുമ്പോൾ ഒരു ന്യായവും പറയാനാവാതെ നെടുംഖേദത്തോടെ നെടുവീർപ്പിട്ട് ശിരസ്സ് കുനിച്ചു നിൽക്കുകയല്ലാതെ അവന് ഗത്യന്തരമുണ്ടാവില്ല. يَوْمَ يَنظُرُ الْمَرْءُ مَا قَدَّمَتْ يَدَاهُ وَيَقُولُ الْكَافِرُ يَا لَيْتَنِي كُنتُ تُرَابًا "ഓരോ വ്യക്തിയും തന്റെ കരങ്ങൾ ചെയ്തുകൂട്ടിയതൊക്കെയും കാണുകയും സത്യധർമങ്ങൾ നിഷേധിച്ചു വാണവൻ, 'ഹാ... കഷ്ടം! ഞാൻ മണ്ണായിപ്പോയെങ്കിൽ' എന്നു വിലപിക്കുകയും ചെയ്യുന്ന ദിവസമാണത്." ●

**തിരുത്ത്**

ലക്കം 3100 *ഖുർആൻ ബോധനം* 1012-ൽ (പേജ് 32 ഖണ്ഡിക 1 വരി 1) 'ഒരിക്കൽ പ്രവാചക ശിഷ്യന്മാർ അദ്ദേഹത്തോടു ചോദിച്ചു' എന്ന് അച്ചടിച്ചത് 'ഒരിക്കൽ മനുഷ്യരൂപം പ്രാപിച്ച് പ്രവാചകനെ സന്ദർശിച്ച മലക്ക് ജിബ്രീൽ അദ്ദേഹത്തോട് ദീനുൽ ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾ അന്വേഷിച്ച കൂട്ടത്തിൽ ചോദിച്ചു' എന്ന് തിരുത്തി വായിക്കേണ്ടതാണ്. തെറ്റുപറ്റിയതിൽ ഖേദിക്കുന്നു.

പത്രാധിപർ